കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.6/2170/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി.30.10.2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.6/2170/2017 തിയ്യതി:30.10.2017

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19.09.2016 മുതൽ 25.09.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ :ശ്രീ. ഷാജഹാൻ.എ.എസ്, ഡെപ്യൂട്ടി ഡയറക്ടർ

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-09-2017 മുതൽ 06-10-2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സതീഷ്.എം.പി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. റഷീദ്.വി | ഓഡിറ്റർ |
| ശ്രീമതി.സുജാത.എം | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എൻ.കെ.ഷൗക്കത്തലി | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. കെ.കെ.സത്യകുമാരൻ | 01.04.2016 മുതൽ 21.05.2016 വരെ |
| ശ്രീ.വി.പ്രകാശൻ | 22.05.2016 മുതൽ 14.06.2016 വരെ |
| ശ്രീ.ഷിബു.കെ.വി | 15.06.2016 മുതൽ 22.06.2016 വരെ |
| ശ്രീ. കെ.കെ.സത്യകുമാരൻ | 23.06.2016 മുതൽ 18.07.2016 വരെ |
| ശ്രീ.വി.പ്രകാശൻ | 19.07.2016 മുതൽ 04.08.2016 വരെ |
| ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ് | 05.08.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.കെ.സത്യകുമാരൻ | 01.04.2016 മുതൽ 21.05.2016 വരെ |
| | ശ്രീ.വി.പ്രകാശൻ | 22.05.2016 മുതൽ 14.06.2016 വരെ |
| | ശ്രീ.ഷിബു.കെ.വി | 15.06.2016 മുതൽ 22.06.2016 വരെ |
| | ശ്രീ. കെ.കെ.സത്യകുമാരൻ | 23.06.2016 മുതൽ 18.07.2016 വരെ |
| | ശ്രീ.വി.പ്രകാശൻ | 19.07.2016 മുതൽ 04.08.2016 വരെ |
| | ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ് | 05.08.2016 മുതൽ 31.03.2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.വി.പ്രകാശൻ | 01.04.2016 മുതൽ 31.12.2016 വരെ |
| | ഒഴിവ് | 01.01.2017 മുതൽ 15.02.2017 വരെ |
| | ശ്രീമതി.ഷൈലജ.ടി.വി | 16.02.2017 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.ജയ.പി.എസ് | 01.04.2016 മുതൽ 31.01.2017 വരെ |
| | ശ്രീ.ഷരീഫ് ഉമ്മിണിയിൽ | 01.02.2017 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സന്ധ്യ.ടി.പി | 01.04.2016 മുതൽ 30.09.2016 FN വരെ |
| | ഡോ.ഇന്ദു | 30.09.2016 AN മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ | ശ്രീ.മോഹൻദാസ്.എൻ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.മൂസ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കൈരളീദേവി.എ.പി | 01.04.2016 മുതൽ 29.10.2016 വരെ |
| | ഡോ.അബൂബക്കർ.എം | 30.10.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ഫൗസിയ | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സതീദേവി.എൻ | 01.04.2016 മുതൽ 05.10.2016 വരെ |
| | ശ്രീമതി.മഹീദ.പി. | 06.10.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.എമി പോൾ | 01.04.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.ഷിജു ജോയി | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |

| | | | |
|---|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിലെ അപാകതകൾ | 2-1 | |
| 13 | 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. | 2-2 | |
| 14 | തൊഴിൽ നികുതി - അപാകതകൾ. | 2-3 | |
| 15 | കെട്ടിടനിർമ്മാണ അപേക്ഷ /അപേക്ഷ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകതകൾ. | 2-4 | |
| 16 | കെട്ടിട നിർമ്മാണ പെർമിറ്റ്-വിവിധ അപാകതകൾ. | 2-5 | |
| 17 | വസ്തുനികുതി - അപാകതകൾ. | 2-6 | |
| 18 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത - 3085 രൂപ നഷ്ടം. | 2-7 | |
| 19 | ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയില്ല. | 2-8 | |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 20 | പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-1 | |
| 21 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-2 | |
| 22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 3-3 | |
| 23 | കോടതി വ്യവഹാരങ്ങൾ---തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല | 3-4 | |
| 24 | സാക്ഷരതാ പ്രേരകുമാർക്ക് തനതുഫണ്ടിൽ നിന്നും ഹോണറേറിയം-ക്രമീകരണ വിവരമില്ല. | 3-5 | |
| 25 | ആശ്രയ പദ്ധതി | 3-6 | |
| 26 | പൊതുടാപ്പുകളുടെ വെള്ളക്കരം--സമയോചിതമായ നടപടികൾ പാലിക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം | 3-7 | |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ | 3-8 | |
| 28 | മരുന്ന് ലഭ്യമായില്ല | 3-9 | |
| 29 | കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയില്ല. | 3-10 | |
| 30 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ,സൈക്കിൾ വിതരണം-വകുപ്പുകളിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല. | 3-11 | |
| 31 | അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം - ഗുണമേൻമ പരിശോധന നടക്കുന്നില്ല. | 3-12 | |
| 32 | അംഗീകരിച്ച പദ്ധതിയിൽ വളരെ കുറഞ്ഞവ മാത്രം നടപ്പാക്കി. | 3-13 | |
| 33 | ഫ്ളോർ കോൺക്രീറ്റ് ഉയർന്ന നിരക്ക് അനുവദിച്ചു. | 3-14 | |

| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
|---|---|---|---|
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 ലെ പുതുക്കിയ ബജറ്റ് 29.03.2017 ലെ 2(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-07-2017 | 14.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വാർഷിക കണക്കിലെ അപാകതകൾ.

1).വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

2).2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 58 പ്രകാരം കാലയളവ് അവസാനിക്കുമ്പോൾ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3).ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തമുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). തൊഴിൽരഹിത വേതനം വിതരണം വാർഷിക കണക്കിലെ വരവും, ചെലവും പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വരവ് (RP-7) | 8,83,920 |
| ചെലവ് (RP-19) | 4,40,400 |
| വ്യത്യാസം | 4,43,520 |

5). ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ഹെഡ്ഡിൽ 1,50,000/- രൂപയുണ്ട്. എന്നാൽ ഓഡിറ്റ് വർഷം ഈയിനത്തിൽ ഉൾപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിക്കാനാവുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

6).ബാലൻസ് ഷീറ്റ് (B-3 Schedule) പ്രകാരം Beneficiary Contribution (Utilised) ഇനത്തിൽ 13,07,500/- രൂപ നീക്കിബാക്കിയുണ്ട്. വിനിയോഗിച്ച തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയതിന്റെ കാരണം

വിശദമാക്കേണ്ടതാണ്.

7).ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ Maintenance Fund Non-Road Assets എന്ന ശീർഷകത്തിൽ 2,00,000/- രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

8). ബാലൻസ് ഷീറ്റിൽ (B-4 Schedule) ഉൾപ്പെട്ട ചെലവഴിക്കാൻ അവശേഷിക്കുന്ന താഴെ പറയുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ അതിനുവേണ്ടി തുടങ്ങിയ അക്കൗണ്ടുകളിലെ നീക്കിയിരിപ്പുമായി (B-17 & RP-40(b) Schedules) പൊരുത്തപ്പെടുന്നില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

<table>
<tr><th>ഗ്രാന്റിന്റെ പേര്</th><th>B-4 Schedule</th><th colspan="2">B-17 Schedule</th><th>വ്യത്യാസം</th></tr>
<tr><td rowspan="2">320100101- NREGA</td><td rowspan="2">194122</td><td>SMGB</td><td>195737</td><td rowspan="2">1750</td></tr>
<tr><td>CUB Manjeri</td><td>135</td></tr>
<tr><td>320300102-Jalanidhi</td><td>30,76,268</td><td colspan="2">3815942</td><td>7,39,674</td></tr>
<tr><td>320100115 – TSC</td><td>9,94,973</td><td colspan="2" rowspan="2">9,94,973</td><td rowspan="2">1,02,997</td></tr>
<tr><td>320300103 - Total Sanitation</td><td>1,02,997</td></tr>
</table>

ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് ഇനത്തിൽ B-4 Schedule ൽ 320100115, 320300103 എന്നീ കോഡുകളിലായി രണ്ട് തുകകൾ (9,94,973 + 1,02,997 = 1097970) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനായുള്ള ബാങ്ക് അക്കൗണ്ടിൽ 31.03.2017 ന് 9,94,973/- രൂപ മാത്രമേ അവശേഷിക്കുന്നുള്ളൂ. ആയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 20605865 |
| വരവ് | 99076239 |
| ആകെ | 119682104 |
| ചെലവ് | 95175841 |
| നീക്കിയിരുപ്പ് | 24506263 |

## 1-5 ഫണ്ട് വിനിയോഗം.

0

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി (Lapsed) | ചെലവ് ശതമാനം | നീക്കി ബാക്കി 40(b) പ്രകാരം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 20217118 | 20217118 | 13271964 | 6945154 | 82.93 % | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6062601 | 6062601 | 2576030 | 3486571 | 54.43 % | |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2107776 | 2107776 | 612494 | 1495282 | 48.99 % | 0 |
| സംരക്ഷണ ഗ്രാന്റ് | 0 | 6821853 | 6821853 | 3564671 | 3257182 | 52.34 % | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| (റോഡ്) | | | | | | | |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5385906 | 5385906 | 1807063 | 3578843 | 67.25 % | 0 |
| 13 -ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 10300653 | 10300653 | 6209568 | 4091085 | 50.00 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് (Central) | 0 | 16376961 | 16376961 | 0 | 16376961 | 0 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് (State) | 0 | 9560542 | 9560542 | 13450 | 9547092 | 0.14 % | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 829 | 21395402 | 21396231 | 21200359 | | 99.99 % | 195872 |
| ബി ഫണ്ട് | 0 | 50011274 | 50011274 | *50011274 | 0 | 100 % | 0 |

* വാർഷിക കണക്കിൽ ചെലവ് (I-14(d)) 4,95,67,754 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 295 | 101636501 | 83 | 36557714 | 1 | 161 | 28.14 % |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

## 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3977320 | 3955322 | (-) 21998 | (-) 0.55 % |
| നികുതിയേതര വരവുകൾ | 574367 | 655953 | (+)81586 | (+)14.20 % |
| മറ്റുവരവുകൾ | 159974 | 58337 | (-) 101637 | (-) 63.53 % |
| ആകെ | 4711661 | 4669612 | (-)42049 | (-)0.89 % |

## 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്ക ളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 883920 | 460 |
| കർഷകതൊഴിലാളി പെൻഷൻ | 7639370 | 851 |
| വിധവാപെൻഷൻ | 14387290 | 1473 |
| വാർദ്ധക്യകാലപെൻഷൻ | 20798485 | 1848 |
| വികലാംഗപെൻഷൻ | 5103590 | 526 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 237860 | 26 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2017 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,066/- രൂപ ക്യാഷ് ബാലൻസിന്റെ / നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

പരാമർശമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2017 | 01.08.2017 മുതൽ 31.08.2017 വരെ. | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.10.2015 മുതൽ 26.10.2015 വരെ. | 2010 – 11 മുതൽ 2014 -15 വരെ. | 23.12.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ നിന്നും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്തിട്ടുള്ള രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

കൃഷി ഓഫീസർക്ക് വിതരണം ചെയ്ത രശീതി ബുക്കുകളിലെ അപാകതകൾ.

1).ആകെ 20 രശീതി പുസ്തകങ്ങൾ ഉപയോഗിച്ചതിൽ 13 പുസ്തകങ്ങളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.
2).ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

3).രശീതികളിൽ വരവ് തുക അക്ഷരത്തിൽ എഴുതിയിട്ടില്ല.

വെറ്റിനറി സർജന് വിതരണം ചെയ്ത രശീതി ബുക്കുകളിലെ അപാകതകൾ.

വെറ്റിനറി സർജന് വിതരണം ചെയ്തിട്ടുള്ള രശീതി പുസ്തകങ്ങളുടെ ഉപയോഗത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). രശീതി പുസ്തകങ്ങളിൽ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

2).രശീതി ബുക്ക് 11679 ലെ 46 മുതൽ 93 വരെയുള്ള രശീതികളിലൊന്നും പണം കൈപ്പറ്റിയ തിയ്യതി

രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവ് തുക യഥാസമയം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിലെ നിർദ്ദേശാനുസരണം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം സംബന്ധിച്ച് 24.09.2016 ൽ സർക്കാർ ഉത്തരവ് നമ്പർ. 576/ഡി.സി/1/2016/തസ്വഭവ പ്രകാരം ചില മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഒരു വർഷമാകാറായിട്ടും ഗ്രാമപഞ്ചായത്ത് ഇത് നടപ്പാക്കിയിട്ടില്ല. മേൽ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1).വിൽപ്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2).പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് വില ഈടാക്കുന്നതാണ് എന്ന വിവരം വ്യക്തമായ രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

3).വിൽപ്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം.

4).ഒരു മാസം കുറഞ്ഞത് 4000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000/- രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം / ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

5).പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വ്യാപാരികളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്.

6).പ്ലാസ്റ്റിക് പരിപാലന ഇനത്തിൽ ലഭ്യമാകുന്ന തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ അധികാര പരിധിയിൽ സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ വിവരം, രജിസ്റ്റർ ചെയ്ത വ്യാപാര സ്ഥാപനങ്ങളുടെ വിവരം, ഈടാക്കിയ ഫീസിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ.11/14.08.2017) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകതകൾ.

1. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

മാവേലി സ്റ്റോർ , വെറ്റിലപ്പാറ , മജ്മ ഇംഗ്ലീഷ് സ്കൂൾ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2016-17 രണ്ടാം അർദ്ധ വർഷത്തിലെ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുകയോ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല.

2.സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല.

കെ.എസ്.ഇ.ബി സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ 4.2.1992 ലെ എം.സി- 1 3142/92 നമ്പർ കത്തിലൂടെ നിർദ്ദേശിക്കുകയും തദ്ദേശ വകുപ്പ് സെക്രട്ടറി വൈദ്യുതി ബോർഡ് സെക്രട്ടറിക്ക് അയച്ച 24.11.1995ലെ 32985/ എൽ -2/95 നമ്പർ കത്തിൽ തൊഴിൽ നികുതി ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ നിരസിച്ചതായി അറിയിക്കുകയും ചെയ്തിട്ടുണ്ട് . ആയതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2016-17 രണ്ടാം അർദ്ധവർഷത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി സ്ഥാപനത്തിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3. തൻവർഷം ഡി & ഒ ലൈസൻസ് നൽകിയ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഡി & ഒ ലൈസൻസ് നൽകിയ സ്ഥാപനങ്ങൾ , വസ്തു നികുതി രജിസ്റ്റർ പ്രകാരം വാണിജ്യ വ്യവസായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നമ്പർ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൊഴിൽ നികുതി റിട്ടേൺ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (15/04.10.2017) ന് നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

## 2-4 കെട്ടിടനിർമ്മാണ അപേക്ഷ /അപേക്ഷ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിൽ പാലിച്ചിട്ടില്ല.

(1).ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണ്.

(2).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപെൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പരിലാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ , ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ , പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

(3).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും ,പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്.

(4).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്.

(5).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(6).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ അപേക്ഷ / അപേക്ഷ രജിസ്റ്റർ എന്നിവയിലെ അപാകതകൾ പരിഹരിക്കേണ്ടതും, സമയബന്ധിതമായി പൊതുജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ്-വിവിധ അപാകതകൾ.

കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1). പോർച്ച് വിസ്തൃതിക്ക് പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

2016-17 സാമ്പത്തിക വർഷത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിച്ച / ക്രമവൽക്കരണം നടത്തിയ കെട്ടിടങ്ങളുടെ പോർച്ച് വിസ്തൃതിക്ക് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | A7-4360/2016-17 | സൈനുദ്ദീൻ & സമീറ ജാസ്മിൻ |
| 2 | A7-3889/2016-17 | മുഹമ്മദ് സാലിഹ് |
| 3 | A7-6708/2016-17 | സജീർ & സഹ്‌ല |
| 4 | A7-5061/2016-17 | മനാഫ് & ഫസീല |
| 5 | A7-6507/2016-17 | അബ്ദു ഷരീഫ് & സബ്നത്ത് |
| 6 | A7-6169/2016-17 | സതീഷ് |
| 7 | A7-6388/2016-17 | അയ്യൂബ് & ജമീല |
| 8 | A7-133/2016-17 | റിജുലാൽ.പി.പി |
| 9 | A7-142/2016-17 | ജസീർ & റംസീന |
| 10 | A7-6383/2016-17 | ആയിഷുമ്മ മുതൽ പേർ |
| 11 | A7-122/2016-17 | ഉണ്ണ്യാൻകുട്ടി (ക്രമവൽക്കരണം) |
| 12 | A7-1056/2016-17 | ജെയിംസ് & മിനി (ക്രമവൽക്കരണം) |
| 13 | A7-733/2016-17 | മറിയുമ്മ.സി.ടി (ക്രമവൽക്കരണം) |
| 14 | A7-369/2016-17 | അബ്ദുൾ ഷുക്കൂർ (ക്രമവൽക്കരണം) |
| 15 | A7-332/2016-17 | ആയിഷ (ക്രമവൽക്കരണം) |
| 16 | A7-763/2016-17 | ഷിഹാബുദ്ദീൻ (ക്രമവൽക്കരണം) |
| 17 | A7-608/2016-17 | അബ്ദുറഹിമാൻ (ക്രമവൽക്കരണം) |
| 18 | A7-559/2016-17 | കദീജ (ക്രമവൽക്കരണം) |
| 19 | A7-82/2016-17 | ഹനീഫ.കെ.സി (ക്രമവൽക്കരണം) |
| 20 | A7-6785/2016-17 | അള്ളലത്ത് (ക്രമവൽക്കരണം) |

2). കിണർ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 91 പ്രകാരം കിണർ നിർമ്മാണത്തിന് പെർമിറ്റ് ആവശ്യമാണ്. 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ഒരു കിണറിന് പോലും പെർമിറ്റ് അനുവദിക്കുകയോ ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല. കെട്ടിടനിർമ്മാണപെർമിറ്റിനുള്ള അപേക്ഷകളോടൊപ്പം സമർപ്പിച്ചിട്ടുള്ള നിർദ്ദിഷ്ട പ്ലാനുകളിൽ കിണർ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, കിണർ നിർമ്മാണത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. അപേക്ഷയുടെ കൂടെയുള്ള നിർദ്ധിഷ്ട പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുള്ള കെട്ടിടനിർമ്മാണ പെർമിറ്റിൽ കിണർ നിർമ്മാണത്തിനുള്ള അനുമതി ഉൾപ്പെടുത്തിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-6 വസ്തുനികുതി - അപാകതകൾ.

അർഹത ഉറപ്പുവരുത്താതെ നികുതി ഇളവ് നൽകി.

ജി.ഒ (എം.എസ് ) 358/ 2015 തസ്വഭവ 16-12-2015 പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ള എല്ലാ വാസഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ / കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഒരു പഞ്ചവർഷ അസസ്സ്മെന്റ് കാലയളവിലേക്ക് ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം കർശനമായും സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഉടമസ്ഥന്റെ സത്യവാങ്മൂലം വാങ്ങാതെയാണ് കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുള്ളത്. ചില

ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | വാർഡ് / കെട്ടിട നമ്പർ |
|---|---|---|
| 1 | നടുവത്തിചാലി ഉസ്മാൻ | V/471 B |
| 2 | രജീഷ്.സി.കെ & ജാനകി.സി.കെ | V/414 A |
| 3 | ദേവദാസൻ & പ്രജിത | IV/530 A |
| 4 | വരുൺ.സി.കെ | XX/142 A |

ഇപ്രകാരമുള്ള സത്യവാങ്മൂലം ഫയലിൽ ലഭ്യമല്ല. സത്യവാങ്മൂലം ലഭ്യമാക്കേണ്ടതാണ്.

വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

2016-17 വർഷത്തെ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വസ്തുനികുതി ഇനത്തിലെ തൻവർഷ ഡിമാന്റ് , കുടിശ്ശിക ഡിമാന്റ് എന്നിവയുടെ നിജസ്ഥിതി പരിശോധിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ തന്നാണ്ട് / കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ ലഭ്യമാക്കേണ്ടതാണ്.

## 2-7 വസ്തുനികുതി നിർണ്ണയത്തിലെ അപാകത - 3085 രൂപ നഷ്ടം.

ദ്വിതീയ മേഖലയിൽ ഉൾപ്പെടുന്നതും, അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗവുമുള്ള വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന്, ത്രിതീയ മേഖലയിൽ ഉൾപ്പെടുന്ന 1.50 മീറ്ററിൽ കൂടുതലും എന്നാൽ 5 മീറ്ററിൽ കുറവും വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗവുമുള്ള കെട്ടിടം എന്ന് കണക്കാക്കി 02.03.2017 ന് വസ്തുനികുതി നിർണ്ണയിച്ചതിലൂടെ ഗ്രാമപഞ്ചായത്തിന് താഴെ പറയുന്ന പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട ഉടമയുടെ പേരും വിലാസവും | ഉമ്മർ.ടി.പി, തെക്കുപുറത്ത് ഹൗസ്, പൂവത്തിക്കൽ.പി.ഒ |
| കെട്ടിട നമ്പർ | UP VIII/532 A |
| തറവിസ്തീർണ്ണം | 195.88 ച.മീറ്റർ |
| അടിസ്ഥാന വസ്തുനികുതി നിരക്ക് | 50/ ച.മീറ്റർ |
| കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതി ( 195.88 * 50) | 9794 രൂപ |
| (-) ഇളവ് - 20 % (ദ്വിതീയം - 10%,മേൽക്കൂര – 10% ) | 1959 രൂപ |
| (+) വർദ്ധനവ് - 20 % (റോഡ്) | 1959 രൂപ |
| ഈടാക്കേണ്ട വസ്തുനികുതി | 9794 രൂപ |
| ഈടാക്കിയ വസ്തുനികുതി | 6856 രൂപ. |
| ഈടാക്കിയതിൽ കുറവ് | 2938 രൂപ. |
| ഈടാക്കേണ്ട ലൈബ്രറി സെസ്സ് (9794 * 5%) | 490 രൂപ |
| ഈടാക്കിയ ലൈബ്രറി സെസ്സ് | 343 രൂപ |
| ലൈബ്രറി സെസ്സ് ഈടാക്കിയതിൽ കുറവ് | 147 രൂപ. |
| ആകെ നഷ്ടം (2938 + 147 ) | 3085 രൂപ. |

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിക്കേണ്ടതും നഷ്ടതുകയായ 3085/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 2-8 ടെണ്ടർ ഫോം വില പഞ്ചായത്ത് ഫണ്ടിൽ ഒടുക്ക് വരുത്തിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

അസി.എഞ്ചിനിയർ നിർവഹണം നടത്തിയ ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തികളിൽ ഇ-ടെണ്ടർ മുഖേനെയാണ് കരാറുകാരനെ തെരഞ്ഞെടുത്തിട്ടുള്ളത്. കരാറുകാർ സൈറ്റിൽ നിന്നും ടെണ്ടർ ഫോം ഡൗൺലോഡ് ചെയ്യുന്നതോടൊപ്പം ഫോമിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിലും ഈ തുക നാളിതുവരെ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലോ അസി.എഞ്ചിനിയറുടെ അക്കൗണ്ടിലോ അടവ് വന്നതായി കാണുന്നില്ല.

| പ്രവർത്തിയുടെ വിവരം | ടെണ്ടറിൽ പങ്കെടുത്തവർ | ഫോം വില | ആകെവില |
|---|---|---|---|
| കല്ലപാറ വള്ളിപാലം റോഡ് കോൺക്രീറ്റ് | 6 | 2500+125Vat | 15000+750 |
| ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം | 4 | 2500+125vat | 10000+500 |
| മൾട്ടിപർപസ് കെട്ടിടത്തിന് ചുറ്റുമതിലും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തൽ | 6 | 1600+80 | 9600+480 |
| ഓടക്കയം ട്രൈബൽ സ്കൂളിന് ചുറ്റുമതിൽ | 7 | 1900+100 | 13300+700 |
| പഞ്ചായത്ത് ഓഫീസ് കെട്ടിടം പുരോഗമനം | 2 | 2500+125 | 5000+250 |
| പി.എച്ച്.സി.ക്ക് കെട്ടിട നിർമ്മാണം | 5 | 2500+125 | 12500+625 |
| വിവിധ ഉദ്ദേശ കെട്ടിടവും ആയുർവേദ ഹോസ്പിറ്റലും | 5 | 2500+125 | 12500+625 |
| ഓടക്കയം ട്രൈബൽ സ്കൂൾ പുതുക്കി പണിയൽ | 4 | 2500+125 | 12500+625 |
| ആകെ | | | 90400+4555 |

ടെണ്ടർ ഫോമിന്റെ വില നാളിതുവരെ പഞ്ചായത്ത്ഫണ്ടിൽ ഒടുക്ക് വരുത്തുന്നതിന്ന് സ്വീകരിച്ച നടപടികൾ /ഒടുക്ക് വന്നതിന്റെ വിവരങ്ങൾ എന്നിവ അറിയിക്കോൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപെട്ടതിന് , മേൽ തുക ഒടുക്ക് വരുത്തി വിവരം അറിയിക്കുന്നതാണെന്ന് അസി. എഞ്ചിനിയർ അറിയിച്ചു.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

താഴെപ്പറയുന്ന ജീവനക്കാരുടെ ശമ്പളനിർണ്ണയവുമായി ബന്ധപ്പെട്ട കുടിശ്ശിക അനുവദിച്ചപ്പോൾ പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ ചേർക്കുന്നു.

വൌച്ചർ നം.21600121/28.04.16—12386 (ശ്രീമതി.വൃജില.എം.ക്ലർക്ക് )

വൌച്ചർ നം.21600569/16.12.16—11345 (ശ്രീ.പി.ടി.ബാലഗോപാലൻ, സെക്രട്ടറി)

വൌച്ചർ നം.21600761/22.02.17—11807 (ശ്രീ.എ.ഒ.ഭാസ്കരൻ, സെക്രട്ടറി)

| പേര്/തസ്തിക | കാലയളവ് | പുതുക്കിയ അടിസ്ഥാന ശമ്പളം ( Due) | കൈപ്പറ്റിയത് (Drawn) | വ്യത്യാസം |
|---|---|---|---|---|
| ശ്രീ.പി.ടി.ബാലഗോപാലൻ, | 02/14 മുതൽ | 99236 | 92276 | 6960 |

| | | | | |
|---|---|---|---|---|
| സെക്രട്ടറി | 23/05/14 വരെ | | | |
| ശ്രീ.എ.ഒ.ഭാസ്കരൻ, സെക്രട്ടറി | 9/05/13 മുതൽ 31/10/13 വരെയുള്ള ഇൻക്രിമെന്റ് കുടിശ്ശിക | 138036 | 134821 | 3215 |

ശമ്പള വ്യത്യാസത്തിന്റെ 15% പെൻഷൻ കോൺട്രിബ്യൂഷൻ ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ--തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

വൌച്ചർ നം.21600306/26.08.16---200000

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 21 വാർഡുകൾക്കുള്ള ശുചിത്വമിഷൻ ഗ്രാന്റ് (9500x20, 10000x1) മേൽപ്പറഞ്ഞ പ്രകാരം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) ക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വാർഡ് കൺവീനർമാർക്ക് തുക കൈമാറിയതിന്റെ വിവരമോ, ശുചീകരണ പ്രവർത്തനങ്ങളുടെ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.ചെലവു തുക 200000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-3 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലേക്ക് വിവിധ ആവശ്യങ്ങൾക്കായി,തുക നൽകിയിട്ടുണ്ട്. എന്നാൽ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യ പത്രം ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | തുക | ഉദ്ദേശ്യം /സ്ഥാപനം | ഓഡിറ്റ് റിമാർക്സ് |
|---|---|---|---|
| 21600806/02.03.17 | 50000 | ABC-പദ്ധതി-ജില്ലാപഞ്ചായത്ത് | - |
| 21600805/01.03.17 | 100000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ വിഹിതം. | - |
| 21600804/01.03.17 | 97500 | PMAY(ജനറൽ)-അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | തുക നാളിതു വരെ ചെലവഴിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമാണ് ഹാജരാക്കിയത്. |
| 21600803/01.03.17 | 100000 | PMAY(SCP)-അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 60000രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |
| 21600802/01.03.17 | 660000 | PMAY(ജനറൽ)-അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | 180000രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. |
| 21600597/03.01.17 | 1500000 | SSA-പഞ്ചായത്ത് വിഹിതം | - |
| 21600775/28.02.17 | 970000 | ODF—ഊർങ്ങാട്ടിരി ശുദ്ധജല വിതരണ സൊസൈറ്റിക്ക് കൈമാറി.(തനത് ഫണ്ട്) | - |
| 216500776/28.02.17 | 900000 | ODF—ഊർങ്ങാട്ടിരി ശുദ്ധജല വിതരണ സൊസൈറ്റിക്ക് കൈമാറി.(ശുചിത്വമിഷൻ ഫണ്ട്) | - |
| ആകെ | | | 4137500 |

ഈ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ബാക്കി വന്ന ചെലവു തുക 4137500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-4 കോടതി വ്യവഹാരങ്ങൾ--തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് പ്രതി ചേർക്കപ്പെട്ട വിവിധ കോടതി വ്യവഹാരങ്ങൾക്ക് വക്കീൽ ഫീസായി താഴെപ്പറയും പ്രകാരം തനതുഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| വൌച്ചർ നം./തീയതി | കേസ് നം. | നൽകിയ ഫീസ് | വക്കീൽ |
|---|---|---|---|
| 21600575/26.12.16--15000 | W.A-756/16 (WP(C) 8042/16 | 15000 | അഡ്വ.കെ.എം.ജമാലുദ്ദീൻ |
| 21600576/26.12.16--20000 | (WP(C) 14364/16 | 5000 | അഡ്വ.എസ്.ശ്യാംകുമാർ |
| | (WP(C) 130180/16 | 5000 | -- --ടി---- |
| | (WP(C) 25606/16 | 5000 | -- --ടി---- |
| | (WP(C) 86678/16 | 5000 | -- --ടി---- |

മേൽപ്പറഞ്ഞ കേസുകളുടെ തുടർ നടപടി വിവരങ്ങൾ ലഭ്യമല്ല. കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് സ്യൂട്ട് രജിസ്റ്റർ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും, കേസുകളുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 സാക്ഷരതാ പ്രേരകുമാർക്ക് തനതുഫണ്ടിൽ നിന്നും ഹോണറേറിയം-ക്രമീകരണ വിവരമില്ല.

2016-17 വർഷത്തിൽ സാക്ഷരതാ പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം ഹോണറേറിയം അനുവദിച്ചിട്ടുണ്ട്.സാക്ഷരത ഫണ്ട് ലഭ്യമല്ലാത്തതിനാലും, ഫണ്ട് ലഭ്യമാവുന്ന മുറയ്ക്ക് ക്രമീകരിക്കുമെന്നതിന്റെയും ഉറപ്പിലാണ് തനതുഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്.

| പ്രേരകിന്റെ പേര് | വൌച്ചർ നം തീയതി | തുക |
|---|---|---|
| ഹഫ്സത്ത്.കെ.-ഈസ്റ്റ് വടക്കേമുറി തുടർ വിദ്യാകേന്ദ്രം | 21600199/05.07.16 (10/15—3/16) | 15000 |
| | 21600752/22.02.17 (4/16—12/16) | 24500 |
| റംലത്ത്.വി.-വേഴക്കോട് തുടർ വിദ്യാകേന്ദ്രം | 21600200/05.07.16-(10/15—3/16) | 15000 |
| | 21600751/22.02.17 (4/16—12/16) | 24500 |
| മൈമൂനത്ത്.എ.കെ.-ഈസ്റ്റ് വടക്കേമുറി തുടർ വിദ്യാകേന്ദ്രം | 21600201/05.07.16-(10/15—3/16) | 17400 |
| | 21600753/22.02.17 (4/16—12/16) | 28300 |
| ആയിഷ.കെ.ടി-തച്ചണ്ണ തുടർ വിദ്യാകേന്ദ്രം | 21600202/05.07.16-(10/15—3/16) | 17400 |
| | 21600750/22.02.17 (4/16—12/16) | 28300 |
| ആകെ | | 170400 |

തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി

2003—2006 കാലയളവിൽ നടപ്പിലാക്കിയ ആശ്രയ ഒന്നാം ഘട്ട പ്രൊജക്ട് അവസാനിച്ചതിനു ശേഷം വർഷങ്ങളോളം പഞ്ചായത്തിൽ ആശ്രയ പദ്ധതി നിലവിലുണ്ടായിരുന്നില്ല. പിന്നീട് സ.ഉ.(സാധാ) നം.1582/14/തസ്വഭവ തീ.23.06.14-പ്രകാരം അംഗീകാരം ലഭിച്ച പട്ടികവർഗ്ഗ അഗതി പുനരധിവാസ പദ്ധതി നടപ്പിലാക്കുകയുണ്ടായി. 13-14 മുതൽ 15-16 വർഷത്തിലേക്കുള്ള ഈ പദ്ധതി 2016-17 വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച നൽകിയിരുന്നു. എന്നാൽ പദ്ധതി മുഴുവൻ ആവശ്യങ്ങളും നിറവേറ്റപ്പെടാതെ അവസാനിക്കുകയാണുണ്ടായത്. ഇപ്പോൾ പഞ്ചായത്തിൽ ആശ്രയ പദ്ധതി നിലവിലില്ല. പദ്ധതിക്കായി ലഭിച്ച വികസനഫണ്ട്-1500000 രൂപയിൽ നിന്നും 875000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ചലഞ്ച് ഫണ്ടായി ലഭിച്ച 398333 രൂപയിൽ നിന്നും 192000 രൂപ മാത്രം ചെലവഴിച്ചു. ബാക്കി തുക പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. ആശ്രയ പദ്ധതി അക്കൗണ്ടിൽ (A/c No.6002 Canara Bank) 31.07.17 ന് 784027 രൂപ (വികസനഫണ്ട്--625000+ പലിശ) അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് തീയതി വരെ തുക തിരിച്ചടവാക്കിയിട്ടില്ല. തുക വിനിയോഗിക്കുന്നതിന് തുടർ പ്രോജക്ട് തയ്യാറാക്കി, അംഗീകാരം വാങ്ങിയിട്ടുമില്ല. എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും നടപ്പിലാക്കേണ്ട ഒരു പദ്ധതിയാണ് ആശ്രയ പദ്ധതി എങ്കിലും, ഗ്രാമ പഞ്ചായത്ത് പദ്ധതിക്ക് യാതൊരു പ്രാധാന്യവും കൽപ്പിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. അല്പ കാലത്തേക്ക് പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വേണ്ടിയാണ് നാമമാത്രമായെങ്കിലും പദ്ധതി നടന്നിട്ടുള്ളത്. എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ള അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ ഊർജ്ജിത ശ്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്.

വീട്, സാനിറ്ററി യൂണിറ്റ് പൂർത്തീകരിച്ചില്ല—തുക മുടങ്ങിക്കിടക്കുന്നു.

വികസനഫണ്ട് ഉപയോഗിച്ച് വീട്ടു നിർമ്മാണം, സാനിറ്ററി യൂണിറ്റ് എന്നിവയ്ക്ക് തുക നൽകിയവരിൽ എല്ലാവരും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വീട്ടു നിർമ്മാണത്തിൽ എഗ്രിമെന്റ് വച്ചിട്ടുള്ള 6 പേരിൽ 3 പേരും, സാനിറ്ററി യൂണിറ്റിനു വേണ്ടി എഗ്രിമെന്റ് വച്ചിട്ടുള്ള 12 പേരിൽ 8 പേരും മാത്രമാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവർ ആദ്യഗഡുക്കൾ മാത്രം കൈപ്പറ്റിയവരാണ്. ഇവരുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഇനം | കൈപ്പറ്റിയ തുകയുടെ വിവരം |
|---|---|---|
| നൊട്ടി w/o ശേഖരൻ | വീട്ടു നിർമ്മാണം | 25000 (ആദ്യഗഡു) |
| ശേഖരൻ s/o ചൈരൻ | വീട്ടു നിർമ്മാണം | 25000 (ആദ്യഗഡു) |
| രാമൻ കുരങ്കല്ല് | വീട്ടു നിർമ്മാണം | 75000 (രണ്ട് ഗഡുക്കൾ) |
| ചൈരൻ s/o ഉണ്ണീരാൻ | സാനിറ്ററി യൂണിറ്റ് | 5000 (അഡ്വാൻസ് തുക മാത്രം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല) |
| സരിത D/o കേലൻ | സാനിറ്ററി യൂണിറ്റ് | 5000 (അഡ്വാൻസ് തുക മാത്രം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല) |
| ശാരദ മഞ്ഞക്കണ്ടി | സാനിറ്ററി യൂണിറ്റ് | 5000 (അഡ്വാൻസ് തുക മാത്രം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല) |
| ശാരദ നാട്ടുവാഴി | സാനിറ്ററി യൂണിറ്റ് | 5000 (അഡ്വാൻസ് തുക മാത്രം കൈപ്പറ്റി പ്രവൃത്തി പൂർത്തീകരിച്ചില്ല) |

മേൽപ്പറഞ്ഞ പ്രകാരം തുക നൽകിയത് മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്. പദ്ധതിയുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ പുതിയ പദ്ധതി തയ്യാറാക്കുമ്പോൾ അടിയന്തിരമായി ഇവരുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പൊതുടാപ്പുകളുടെ വെള്ളക്കരം--സമയോചിതമായ നടപടികൾ പാലിക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ ടാപ്പുകൾക്ക് മാത്രമേ കരം അടവാക്കുന്നുള്ളൂവെന്ന് ഉറപ്പു വരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിയുമൊന്നിച്ച് സംയുക്ത പരിശോധന നടത്തണമെന്ന് സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ 26.08.08 ന ശേഷം സംയുക്ത പരിശോധന നടന്നത് 17.05.17-ൽ മാത്രമാണ്. ഏകദേശം 9 വർഷത്തോളം കാലം പരിശോധന നടക്കാതെ കരം അടച്ച പോന്നു. ആദ്യ പരിശോധനയിൽ തിട്ടപ്പെടുത്തിയ 251 ടാപ്പുകൾക്ക് 9/17 വരെ കരം അടച്ച വന്നതായി കാണുന്നു. സംയുക്ത പരിശോധനയ്ക്കായി കേരള വാട്ടർ അതോറിറ്റിയിലേക്ക് 08.02.16, 03.09.16 തീയതികളിൽ മാത്രമാണ് കത്ത് നൽകിയിട്ടുള്ളത്. 27.04.17 ലെ 5(7) ഭരണസമിതി തീരുമാന പ്രകാരം കുറെയേറെ ടാപ്പുകൾ പ്രവർത്തിക്കുന്നില്ലെന്നും, നിലവിൽ അവയ്ക്കു കൂടി കരം അടച്ച വരികയാണെന്നും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണെന്നും, തീരുമാനമെടുക്കുകയും തീരുമാനത്തിന്റെ പകർപ്പ് സഹിതം കേരള വാട്ടർ അതോറിറ്റിയിലേക്ക് കത്ത് നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 17.05.17 ന് സംയുക്ത പരിശോധന നടന്നതിൻ പ്രകാരം പൊതുടാപ്പുകളുടെ എണ്ണം 158 ആയി നിജപ്പെടുത്തി. 09/17 മുതൽ 158 ടാപ്പുകൾക്ക് 69125 രൂപ പ്രകാരം അടച്ച വരുന്നു. 2015-16 വർഷം മുതൽ പ്രതിമാസം 109813 രൂപ പ്രകാരം തുക അടച്ച വരികയായിരുന്നു. സമയോചിതമായ ഇടപെടൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും, ഉണ്ടാകാത്തതിനാൽ ലക്ഷങ്ങളുടെ നഷ്ടം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. താഴെ കൊടുക്കുന്ന താരതമ്യത്തിൽ നിന്നും ഇത് വ്യക്തമാകുന്നുണ്ട്. (2015-16 വരെ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകൾക്ക് വെള്ളക്കരം അടച്ചിരുന്നതു വഴിയുണ്ടായ നഷ്ടം പരിഗണിക്കാതെ, ഒരേ നിരക്കിൽ കരം അടച്ച കാലയളവ് മാത്രമാണ് താരതമ്യത്തിൽ കാണിച്ചിട്ടുള്ളത്.യഥാർത്ഥത്തിലുള്ള നഷ്ടം ഇതിലും അധികം ഉണ്ടായിട്ടുണ്ട്.)

251 ടാപ്പുകൾക്ക് അടച്ച വെള്ളക്കരം

| വർഷം | തുക |
|---|---|
| 2015-16 | 109813x12=1317756 |
| 2016-17 | 109813x12=1317756 |
| 2017-18 | 109813x5=549065 |
| ആകെ | 3184577 |

158 ടാപ്പുകളായിരുന്നുവെങ്കിൽ (നിരക്കിൽ മാറ്റമില്ല)

| വർഷം | തുക |
|---|---|
| 2015-16 | 69125x12=829500 |
| 2016-17 | 69125x12=829500 |
| 2017-18 | 69125x5=345625 |
| ആകെ | 2004625 |

ഈ കാലയളവിനുള്ളിൽ പ്രവർത്തന ക്ഷമമല്ലാത്ത ടാപ്പുകളുടെ എണ്ണത്തിൽ വലിയ മാറ്റം വരാൻ ഇടയില്ലെങ്കിൽ 1179952 (3184577-2004625) രൂപ ഗ്രാമ പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. എണ്ണത്തിൽ ചെറിയ വ്യത്യാസങ്ങൾ വന്നാൽ പോലും ദശലക്ഷക്കണക്കിന് രൂപയുടെ നഷ്ടം ഗ്രാമപഞ്ചായത്തിനുണ്ടായിട്ടുണ്ടെന്ന് വ്യക്തമാണ്.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--നിർവ്വഹണത്തിലെ അപാകതകൾ

സാധനഘടകം (മെറ്റീരിയൽ പ്രവൃത്തികൾ) വരുന്ന പ്രവൃത്തികൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചു.

2016-17 ൽ നിർവ്വഹണം നടത്തിയ7 പ്രവൃത്തികൾക്കായി സാധഘടകങ്ങൾ പ്രവൃത്തി സ്ഥലത്ത് എത്തിക്കുന്നതിന് PWD കോൺട്രാക്ടർമാരെ ഏൽപ്പിച്ചതായി കാണുന്നു. പ്രവൃത്തികളിൽ ഒരു ഇടനിലക്കാരന്റെ റോൾ മാത്രമാണ് കോൺട്രാക്ടർമാർക്ക് നിർവ്വഹിക്കാനുള്ളത്. വിതരണക്കാരിൽ നിന്നും കോൺട്രാക്ടർമാർ സാധനസാമഗ്രികൾ വാങ്ങി സൈറ്റിലെത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. അംഗീകൃത ഡീലർമാരുമായി നേരിട്ട് ഇടപാട് നടത്തുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കി. ടെണ്ടർ ക്ഷണിച്ചതിലും അംഗീകരിച്ചതിലും വന്ന ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കി പദ്ധതിയുടെ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.

2---മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി--സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചില്ല.

ജി.ഒ.(എം.എസ്) 202/15/ തസ്വഭവ/24.06.15-പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ ഗ്രാമപഞ്ചായത്തിലും, വേതനം, സാധനഘടകങ്ങൾ എന്നിവ 60:40 എന്ന അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ സാധനഘടകം ആവശ്യമുള്ള മറ്റു പ്രവൃത്തികളുടെ കൂടെ റോഡ് പണികളും ഏറ്റെടുക്കുവാൻ ത്രിതല പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ നിർവ്വഹണം നടത്തിയ പെയ്മെന്റ് നടത്തിയ 7 റോഡ് പ്രവൃത്തികളിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. നാമമാത്രമായ വേതനവും, ഭൂരിഭാഗവും, സാധനഘടകങ്ങളുമാണ് പ്രവൃത്തികളിൽ വരുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് | ശതമാനം |
|---|---|---|
| 16ാം വാർഡ്--ചാലിൽക്കുന്ന് ഹരിജൻ കോളനി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--353675<br>വേതനം--55876<br>മറ്റുള്ളവ--7224<br>ആകെ--416775 | സാധഘടകങ്ങൾ--85%<br>വേതനം--13% |
| 7-ാം വാർഡ്-പുത്തൻ പുരക്കൽ ഹരിജൻ കോളനി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--280588<br>വേതനം--37404<br>മറ്റുള്ളവ--34562<br>ആകെ---352554 | സാധഘടകങ്ങൾ--80%<br>വേതനം--11% |
| 14-ാം വാർഡ്--തിരുത്തിയിൽ ഹരിജൻ കോളനി റോഡ് കോൺക്രീറ്റ് | സാധനഘടകങ്ങൾ--277246<br>വേതനം--21120<br>മറ്റുള്ളവ--44588<br>ആകെ---342954 | സാധഘടകങ്ങൾ--81%<br>വേതനം--6% |

.സർക്കാർ മാർഗ്ഗനിർദ്ദേശം കർശനമായി പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും, ഗുണഭോക്താക്കൾക്ക് പരമാവധി തൊഴിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3- <u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി--മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.</u>

2016-17 വർഷത്തേക്കുള്ള തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തിയിനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കാതെ പ്രവൃത്തികൾ ചെയ്തതായി കാണുന്നു. മുൻവർഷങ്ങളിൽ ചെയ്തു വന്നിരുന്ന തൊഴിലാളികളുടെ ഭൂമിയിൽ കാർഷിക പ്രവർത്തനങ്ങൾ ഈ വർഷവും ചെയ്തിട്ടുണ്ട്. പ്രകൃതി വിഭവങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ നാമമാത്രമായേ ചെയ്തിട്ടുള്ളൂ. കനാലുകളുടെയും തോടുകളുടെയും പരിപാലനവും പുനരുദ്ധാരണവും വകുപ്പുമായി കൂടിയാലോചിച്ച് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചു കാണുന്നില്ല. തോടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്തിട്ടുണ്ടെങ്കിലും വകുപ്പുമായി ബന്ധപ്പെട്ടതായി കാണുന്നില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

## 3-9 <u>മരുന്ന് ലഭ്യമായില്ല</u>

ഗ്രാമപഞ്ചായത്തിലെ വിവിധ ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങുന്നതിനായി ഓഡിറ്റ് വർഷത്തിൽ പണം അനുവദിച്ചിട്ടുണ്ടെങ്കിലും മരുന്ന് ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 07/17 |
| വിനിയോഗിച്ച തുക | 5,00,000 രൂപ (ബി.നം.1/16-17/20.12.2017) |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഗവ.ആയുർവ്വേദ ഡിസ്പെൻസറി, ഊർങ്ങാട്ടിരി |

ഗവ.ആയുർവ്വേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഔഷധിയിലേക്ക് 5,00,000 രൂപ അനുവദിച്ചതിൽ 4,75,940/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 24060/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി അറിയിക്കേണ്ടതാണ്. 24060/- രൂപ തടസ്സം ചെയ്യുന്നു.
2.ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

പ്രൊ.നം :- 12/17

ചെലവ് :- 1,00,000/-. (ബി.നം 1/16-17 /31.01.2017 , 100000/-

ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതി കോർപ്പറേറ്റീവ് ഫാർമസി ഡയറക്ടറുടെ അക്കൌണ്ടിലേക്ക് (31.01.2017 ന്) 100000/- നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെയും മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെലവു തുക 100000/- രൂപ തടസ്സം ചെയ്യുന്നു.

3). പി.എച്ച്.സി ക്ക് മരുന്നു വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 08/17 |
| വിനിയോഗിച്ച തുക | 1,00,000/- രൂപ (ബി.നം 3/16-17 /23.02.2017) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി ,ഊർങ്ങാട്ടിരി |

പി.എച്ച്.സി ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 1,00,000/- രൂപ അനുവദിച്ചതിൽ 77,626/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 22,375/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യൂവിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 22375/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.
4). പാലിയേറ്റീവ് കെയർ – മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 09/17 |
| വിനിയോഗിച്ച തുക | 1,60,000/- രൂപ (ബി.നം.4/16-17/25.02.2017 – 1,33,000/- , ബി.നം .7/16-17/30.03.2017 – 27,000/- ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി .ഊർങ്ങാട്ടിരി. |

പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 1,60,000/- രൂപ അനുവദിച്ചതിൽ 99302/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 60,698/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യൂവിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 60,698/- രൂപ തടസ്സം ചെയ്യുന്നു.

5).മാനസികരോഗ പരിചരണം – മരുന്ന് വാങ്ങൽ.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 15/17 |
| വിനിയോഗിച്ച തുക | 2,50,000/- രൂപ (ബി.നം.2/16-17/17.02.2017 – 2,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി .ഊർങ്ങാട്ടിരി. |

മാനസികരോഗ പരിചരണം പദ്ധതിക്കുവേണ്ടി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 2,50,000/- രൂപ അനുവദിച്ചതിൽ 115151/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ള 1,34,849/- രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി സ്റ്റോക്ക്, ഇഷ്യൂവിവരങ്ങൾ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 1,34,849/- രൂപ തടസ്സം ചെയ്യുന്നു.

## 3-10 കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് | 13/17 (ഹോമിയോ ആശുപത്രിയിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ ) |
| ചെലവ് | 25250/- ബി.നം 2/16-17 /31.03.2017 , 129500/-<br>ബി.നം 3/16-17 /31.03.2017 , 12300/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ ) |

ഹോമിയോ ആശുപത്രിയിലേക്ക് ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിക്കായി 06.03.2017 ന് ലഭിച്ച ക്വട്ടേഷനുകൾ 9.3.2017 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മറ്റി , ക്വട്ടേഷനുകൾ പരിശോധിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഷാനാസ് ഫർണിച്ചർ , പത്തനാപുരം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്യാനും തീരുമാനിച്ചു ( തീരുമാനം 2 ). എന്നാൽ 06.03.2017 ന് ലഭിച്ച ക്വട്ടേഷനുകളിൽ ഫുൾ ബാക്ക് എക്സിക്യൂട്ടീവ് റിവോൾവിംഗ് ചെയർ , സ്റ്റീൽ ഫുൾ ആമ്ഡ് ഓഫീസ് ചെയർ എന്നിവക്ക് കുറഞ്ഞ തുക ക്വാട്ട് ചെയ്തത് സഫ സ്റ്റീൽ പ്രൊഡക്ട്സ് , കണ്ണമംഗലം , വേങ്ങര എന്ന സ്ഥാപനമാണ് ( 11620/- ). അധിക വില ക്വാട്ട് ചെയ്ത ഷാനാസ് ഫർണിച്ചർ , പത്തനാപുരം ( 12300/-) എന്ന സ്ഥാപനത്തിൽ നിന്നും ഫണിച്ചറുകൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (14/04.10.17) മറുപടി ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 680/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-11 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ,സൈക്കിൾ വിതരണം- വകുപ്പുകളിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങിയില്ല.

1-പ്രോജക്ട് നം.177/17(പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ)

ബിൽ നം.21/16-17//31.03.17---329118

നിർവ്വഹണം--എച്ച്.എം, ജി.യു.പി.എസ്., മൂർക്കനാട്

2-പ്രോജക്ട് നം.186/17(പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ)

ബിൽ നം.09/16-17//31.03.17---175000

നിർവ്വഹണം--എച്ച്.എം, ജി.യു.പി.എസ്., മൂർക്കനാട്.

മേൽപ്പറഞ്ഞ പ്രോജക്ടുകളുടെ ഭാഗമായി,താഴെപ്പറയുന്ന ഉപകരണങ്ങൾ,വിദ്യാർത്ഥികൾക്ക് വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമനം, | ഇനം | എണ്ണം |
|---|---|---|
| 1 | സൈക്കിൾ 8,9 ക്ലാസ് | 50 |
| 2 | മേശ | 114 |
| 3 | കസേര | 114 |

ജി.ഒ (എം.എസ്) 4/16 തസ്വഭവ /11.01.16-സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ, സൈക്കിൾ എന്നിവ വാങ്ങി നൽകുമ്പോൾ മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് ഉറപ്പു വരുത്തണമെന്ന് പറയുന്നുണ്ട്. മേൽപ്പറഞ്ഞ സാധനങ്ങൾ,പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്നതിന് സാക്ഷ്യ പത്രമൊന്നും ലഭ്യമാക്കിയതായി കാണുന്നില്ല. ചെലവു തുക 5,04,118/- (3,29,118+1,75,000) തടസ്സം ചെയ്യുന്നു.

## 3-12 അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ മിശ്രിതം - ഗുണമേൻമ പരിശോധന നടക്കുന്നില്ല.

സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ നിന്നുള്ള നം.ഐ.സി.ഡി.എസ്/-3458/12 തീ.26-3-13 കത്ത് പ്രകാരം അനുപൂരക പോഷകാഹാര പരിപാടിയുമായി ബന്ധപ്പെട്ട് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ പദാർത്ഥങ്ങൾ കേന്ദ്ര സർക്കാരിന്റെ ഫുഡ് അനാലിസിസ് ലാബിൽ പരിശോധന നടത്തണമെന്ന കേന്ദ്ര നിർദ്ദേശം (2-11-12 ലെ D.O.No.114/2012-13/FN) അടിയന്തിരമായി നടപ്പിലാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭക്ഷ്യ പദാർത്ഥങ്ങളുടെ സാമ്പിൾ Deputy Technical Adviser,Ministry of Women & Child Development, Food & Nutrition Board Southern Region Govt.of India, 26, Haddows Road, Shastri Bhavan, Chennai എന്ന മേൽവിലാസത്തിൽ 250 രൂപയുടെ ഡി.ഡി. സഹിതം

പരിശോധനക്ക് അയക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ ആവശ്യത്തിലേക്കുള്ള ചെലവ് കുടുബശ്രീ യൂണിറ്റുകൾ തന്നെ വഹിക്കേണ്ടതാണ്. 2016-17 വർഷത്തിൽ 6 മാസം മുതൽ 3 വയസ്സ വരെയുള്ള കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ്, വാങ്ങുന്നതിനായി 14,57,113/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2016-17 ന് മുമ്പോ, ശേഷമോ പരിശോധനക്കുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല. ശക്തി ന്യൂട്രിമിക്സ് യൂണിറ്റ്, പൂവത്തിക്കൽ.പി.ഒ, ഊർങ്ങാട്ടിരി എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നുമാണ് ഗുണമേൻമ പരിശോധിക്കാതെ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. മാർഗ്ഗ നിർദ്ദേശം പാലിച്ച് പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 അംഗീകരിച്ച പദ്ധതിയിൽ വളരെ കുറഞ്ഞവ മാത്രം നടപ്പാക്കി.

നിർവഹണ ഉദ്യോഗസ്ഥൻ- അസി.എഞ്ചിനിയർ

2016-17 സാമ്പത്തിക വർഷത്തിൽ അസി.എഞ്ചിനിയർ നിർവഹണ ഉദ്യോഗസ്ഥനായി അംഗീകരിച്ച പ്രൊജക്റ്റിന്റെയും നടപ്പിലാക്കിയ പ്രൊജക്റ്റിന്റെയും വിവരം ചുവടെ ചേർക്കുന്നു.

| അംഗീകരിച്ച പ്രൊജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കിയപ്രൊജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കിയപ്രൊജക്റ്റുകളുടെ % | അംഗീകരിച്ച പ്രൊജക്റ്റുകളുടെ ആകെ അടങ്കൽ തുക | നടപ്പിലാക്കിയ പ്രൊജക്റ്റുകളുടെ ആകെ ചെലവ് തുക | ചെലവ് തുക% |
|---|---|---|---|---|---|
| 136 | 27 | 19.85 % | 53288035 | 5881105 | 11.04% |

മൊത്തം അടങ്കൽ തുകയുടെ 11.04% മാത്രം നടപ്പാക്കിയത് നിർവഹണ ഉദ്യോഗസ്ഥന്റെയും ഒപ്പം പഞ്ചായത്തിന്റെയും പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രൊജക്റ്റുകൾ നടപ്പാക്കാതിരിക്കാനുള്ള മതിയായ കാരണം വ്യക്തമാക്കേണ്ടതാണ്.ഓഡിറ്റ് എൻക്വയറി മുഖേനെ വിഷയം അസി. എഞ്ചിനിയറുടെ ശ്രദ്ധയിൽ കൊണ്ടുവന്നെങ്കിലും യാതൊരു മറുപടിയും നൽകിയില്ല.

## 3-14 ഫ്ളോർ കോൺക്രീറ്റ് ഉയർന്ന നിരക്ക് അനുവദിച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനിയർ

ചുവടെ ചേർത്തിരിക്കുന്ന മരാമത്ത് പ്രവർത്തിയിൽ ഇനം 18 ആയി കെട്ടിടങ്ങളുടെ നിലം (തറ) 40mm മെറ്റലുപയോഗിച്ച് 1:4:8 അനുപാതത്തിൽ 75 mm കനത്തിൽ സിമന്റ് കോൺക്രീറ്റിംഗും 1:4 അനുപാതത്തിൽ 12mm കനത്തിൽ സിമന്റ് പ്ളാസ്റ്ററിംഗും, ഉപരിതലം സിമന്റ് മാത്രം ഉപയോഗിച്ച് മിനുസപെടുത്തുന്നതിനും നിരക്ക് അനുവദിച്ച കാണുന്നു(6621/10m2) . ടി ഉപരിതലത്തിൽ തന്നെ ഇനം 21 ആയി നല്ല ഇനം സെറാമിക്ക് ടൈൽ വിരിക്കുന്നതിനും നിരക്ക് അനുവദിച്ചിട്ടുണ്ട്. സെറാമിക്ക് ടൈൽ വിരിക്കുന്നതിനുള്ള നിരക്കിൽ സിമന്റ് പ്ളാസ്റ്ററിംങ്ങ് നടത്തുന്നതിനുള്ള നിരക്ക് ഉൾപെടുന്നുണ്ട്, മാത്രമല്ല സെറാമിക്ക് ടൈൽ വിരിക്കുന്ന പ്രതലത്തിൽ സിമന്റ് മാത്രം ഉപയോഗിച്ച് മിനുസപെടുത്തുന്നതിന്റെ ആവശ്യവുമില്ല. ആയതിനാൽ മേൽ നിരക്ക് അനുവദിച്ചതു വഴി അധിക ചെലവുണ്ടായിട്ടുണ്ട്. അനുവദിച്ച നിരക്ക്, അനുവദിക്കാവുന്ന നിരക്ക് എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രവർത്തി | ഉള്ള പറമ്പ് അംഗനവാടി കെട്ടിട നിർമ്മാണം |
| എഗ്രിമെന്റ് നമ്പർ | 98/14-15 |
| കരാറുകാരൻ | നൗഷാദ്.കെ (10.91 % കുറവ്) |
| മെഷർമെന്റ് ബുക്ക് | 130/14-15&117/14-15 |
| വൗച്ചർ | Nil/31-3-17- 721629 രൂപ |
| പ്രൊജക്റ്റ് നമ്പർ | s-018/17 |
| മൂല്യ്യ നിർണ്ണയ തുക | 721629 ( ടെണ്ടർ ഡിഡക്ഷൻ കഴിച്ച്) |

| Sub data for concreting | 2012ലെ നിരക്ക് | അനുവദിച്ച നിരക്ക് |
|---|---|---|
| 0.95എം340എം.എം.മെറ്റൽ | 659/എം$^3$ | 626.05 |
| -ടി-കൺവയൻസ് | 582/എം$^3$ | 552.90 |
| 0.48എം3 മണൽ | 2777/എം$^3$ | 1332.96 |

| | | |
|---|---|---|
| -ട്ടി-കൺവയൻസ് | 358/എം$^3$ | 171.84 |
| 171കി. സിമെന്റ് | 5940/ടൺ | 1015.74 |
| -ടി കൺവയൻസ് | 323/ടൺ | 55.23 |
| 0.10മേസൻ | 471 | 47.10 |
| 1 പുരുഷൻ | 377 | 377 |
| 1.4 സ്ത്രീ | 377 | 527.80 |
| ആകെ | | 4706.62 |
| Sub data for plastering &cement flushing coat | | |
| 0.15എം3 മണൽ | 2777/m3 | 416.55 |
| -ട്ടി-കൺവയൻസ് | 358/m3 | 53.70 |
| 54കി. സിമെന്റ് | 5940/m3 | 320.76 |
| -ടി കൺവയൻസ് | 323/m3 | 17.44 |
| 0.90മേസൻ | 471/E | 423.90 |
| 0.55 പുരുഷൻ | 377E | 207.35 |
| 1.1സ്ത്രീ | 377/E | 414.70 |
| ആകെ | | 1854.40 |

Main data

| | | |
|---|---|---|
| സിമന്റ് കോൺക്രീറ്റിംഗ് | 0.75m3@4706.62 | 3529.97 |
| പ്ലാസ്റ്ററിംഗ് | 10m2@1854.40/10m2 | 1854.40 |
| സിമന്റ് ഫ്ളഷിംഗ് കോട്ട് | 22kg@5940/Mt | 130.68 |
| കൺവയന്സ് | 22kg@323/Mt | 7.11 |
| മേസൺ | 0.50@471E | 235.50 |
| total | | 5757.66 |
| + 10% CP | | 575.77 |
| + 5% over head charge | | 287.88 |
| | | 6621.30 /10m2 |

മേൽ ഫ്ളാറിംഗ് എരിയയിൽ തന്നെ ടൈൽസ് വിരിച്ചതിനാൽ പ്ളാസ്റ്ററിംഗിനും സിമന്റ് ഫ്ളഷിംഗ് എന്നിവക്ക് അനുവദിച്ച തുക ഒഴിവാക്കി സിമന്റ് കോൺക്രീറ്റിനു മാത്രമുള്ള തുക 3529.97/10m2+15%=4059/10m2 എന്ന നിരക്ക് മാത്രമേ അനുവദിക്കാനാവൂ, ആയതിനാൽ ചുവടെ ചേർത്തിരിക്കുന്ന അളവിന് അനുവദിച്ച 6621.30 /10m2 എന്ന നിരക്കിൽ അധികം ചെലവായതായി കാണുന്നു.

| | |
|---|---|
| WC -1.95 m2<br>Hall-17.17 m2 | ആകെ 19.12m2 ന് അധികം ചെലവായ തുക (6621- 4059) =4098.54 രൂപ - ടെണ്ടർ ഡിഡക്ഷൻ10.91 % കുറവ് =3651 രൂപ |

ഇത്തരത്തിൽ അധിക നിരക്ക് നൽകിയതിനുണ്ടായ കാരണം ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനെ ആവശ്യപെട്ടതിന് അധിക തുക തെറ്റായി നൽകി പോയതാണെന്നും അധിക തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനിയർ അറിയിച്ചു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,65,000 | കല്ലരട്ടിക്കൽ വയോജന വിശ്രമ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ. | 1,29,400 | 35,600 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റൻഷൻ. | --- | 2,69,500 | 2,69,500 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്.

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 6,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 6,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| STSB അക്കൗണ്ട് | 6,00,000 |
| ആകെ | 6,00,000 |

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 7,033/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2005-06 | 3-3 | 7033 | ശ്രീ.എം.കെ.അബ്ദുറഹിമാൻ, | 11604102308 / |

| | | | | |
|---|---|---|---|---|
| | | | സെക്രട്ടറി | 31.10.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 35(4)<br>47 | 2004-05 | --- | സഹകരണ സംഘങ്ങൾക്ക് ധനസഹായം. | -- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 99076239 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95175841 |
| വരവിനങ്ങളിലുള്ള നഷ്ടം | 3085 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3651 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5183600 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-7 | 3085 | | ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ്, സെക്രട്ടറി |
| 3-14 | | 3651 | ശ്രീ.ഷരീഫ് ഉമ്മിണിയിൽ, അസി.എഞ്ചിനീയർ |
| ആകെ | 3085 | 3651 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 200000 | ഡോ. കൈരളിദേവി.എ.പി,<br>മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-3 | 4137500 | ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ്, സെക്രട്ടറി |
| 3-9 | 24060 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 3-9 | 100000 | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | | |
|---|---|---|
| 3-9 | 217922 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-11 | 504118 | എച്ച്.എം., ജി.യു.പി.എസ്, മൂർക്കനാട് |
| ആകെ | 5183600 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.വൈ.പി.മുഹമ്മദ് അഷറഫ്, സെക്രട്ടറി | സെക്രട്ടറി, വണ്ടൂർ ഗ്രാമപഞ്ചായത്ത് | യാക്കിപറമ്പൻ ഹൗസ്, വടക്കുംമുറി, ഊർങ്ങാട്ടിരി.പി.ഒ |
| ശ്രീ.ഷരീഫ് ഉമ്മിണിയിൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് | ഉമ്മിണിയിൽ ഹൗസ്, വാലില്ലാപുഴ.പി.ഒ |

## 4-9 തീർപ്പാക്കാത്ത ഖണ്ഡികകളുടെ വിവരം.

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1977-78 | എൽ.എഫ്.എം.9/217/89 തി.28.1.1993 | 1 | |
| 1983-84 | എൽ.എഫ്.എം.9/280/01 തി.28.1.1993 | 1 | |
| 1984-85 | എൽ.എഫ്.എം.9/997/07 തി.28.1.1993 | 1 | |
| 1985-86 | എൽ.എഫ്.എം.9/111/92 തി.28.1.1993 | 4 | |
| 1986-87,<br>1987-88 | എൽ.എഫ്.എം.9/468/92 തി.4.9.1992 | 11 | |
| 1990-91 | എൽ.എഫ്.എം.9/945/94 തി.12.5.1995 | 1 | |
| 1991-92 | എൽ.എഫ്.എം.9/605/93 തി.7.7.1993 | 23 | |
| 1992-93,1993-94 | എൽ.എഫ്.എം.6/121/98 തി.10.7.1998 | 12 | |
| 1994-95 | എൽ.എഫ്.എം.9/194/05 തി.4.6.2005 | 8 | |
| 1995-96 | എൽ.എഫ്.എം.9/193/05തി.4.06.2005 | 7 | |
| 1996-97 | എൽ.എഫ്.എം.1തി.17.06.20032/1292 | - | |
| 1997-98 | എൽ.എഫ്.എം.12/1293/02 തി.27.09.2003 | - | |
| 1998-99 | എൽ.എഫ്.എം.12/533/03 തി.24.12.2003 | 21 | |
| 1999-00 | എൽ.എഫ്.എം.8/1609/03 തി.14.5.2004 | 15 | |

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാത്ത ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01,2001-02 | എൽ.എഫ്.എം.12/1656/03 തി.25.6.2004 | 20 | |
| 2002-03 | എൽ.എഫ്.എം.15/1734/08 തി.3.8.2009 | 2 | |
| 2003-04 | എൽ.എഫ്.എം.15/1735/08 തി.3.8.2009 | 6 | |
| 2004-05 | എൽ.എഫ്.എം.15/107/09 തി.25.4.2009 | 4 | |
| 2005-06 | എൽ.എഫ്.എം.15/523/10 തി.18.9.2010 | 11 | |
| 2006-07 | എൽ.എഫ്.എം.15/524/10 തി.18.9.2010 | 25 | |
| 2007-08 | എൽ.എഫ്.എം.6/541/12 തി.15.5.12 | 35 | |
| 2008-09 | എൽ.എഫ്.എം.6/542/12 തി.31.10.12 | 17 | |
| 2009-10 | എൽ.എഫ്.എം.6/543/12 തി.31.10.12 | 21 | |
| 2010-11 | എൽ.എഫ്.എം.6/993/13 തി.7.12.13 | 20 | |
| 2011-12,2012-13 | എൽ.എഫ്.എം.6/1353/14 തി:18.7.2014 | 10 | |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/483/2016 തി:20.4.2016 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/483/2016 തി:20.4.2016 | 20 | |

.

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1

# AUDIT CERTIFICATE

KSA-MPM6/2170/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated 30.10.2017

CERTIFICATE

Certified that I have examined the Annual Financial Statement of Urangattiri Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Urangattiri Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

കെ.എസ്.എ-എം.പി.എം.6/2170/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 30.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.